അഖിലേന്ത്യാ പണിമുടക്ക്

സർവകലാശാല ജീവനക്കാരും അണിചേരും

കളമശേരി

വ്യാഴാഴ്ച നടക്കുന്ന അഖിലേന്ത്യാ പൊതുപണിമുടക്കിൽ സർവകലാശാല ജീവനക്കാരും അണി ചേരുമെന്ന് കോൺഫെഡറേഷൻ ഓഫ് യൂണിവേഴ്സിറ്റി എംപ്ലോയീസ് ഓർഗനൈസേഷൻസ് പ്രസ്താവനയിൽ പറഞ്ഞു. 14 ദേശീയ ട്രേഡ് യൂണിയനുകളും സിവിൽ സർവീസ് ജീവനക്കാരും അദ്ധ്യാപകരും

തൊഴിലാളി സംഘടനകളും സ്വതന്ത്ര ട്രേഡ് യൂണിയനുകളും സംയുക്തമായാണ് പൊതുപണിമുടക്ക് നടത്തുന്നത്. പണിമുടക്ക് വിജയിപ്പിക്കാൻ എല്ലാ സർവകലാശാല ജീവനക്കാരും ഒറ്റക്കെട്ടായി രംഗത്തിറങ്ങണമെന്ന് ജനറൽ സെക്രട്ടറി ഹരിലാൽ പ്രസ്താവനയിൽ പറഞ്ഞു.

'കാലം പറഞ്ഞ കഥ'

കേസ് വിചാരണയെ ബാധിക്കില്ലെന്ന് സെൻസർ ബോർഡ്

കൊച്ചി

വെഞ്ഞാറമൂട് കൂട്ടക്കൊലപാതക കേസിനെ ആസ്പദമാക്കി നിർമ്മിച്ചതെന്ന് ആരോപിക്കപ്പെടുന്ന 'കാലം പറഞ്ഞ കഥ' എന്ന സിനിമ കേസ് വിചാരണയെ ബാധിക്കില്ലെന്ന് സെൻസർ ബോർഡ് ഹൈക്കോടതിയിൽ. സിനിമയുടെ പ്രദർശനം വിചാരണയെ ബാധിക്കുമെന്ന് ചൂണ്ടിക്കാട്ടി പ്രതിയുടെ അച്ഛൻ നൽകിയ ഹർജിയിലാണ് വിശദീകരണം.

സിനിമയിലെ കഥാപാത്രങ്ങളും സാഹചര്യങ്ങളും കൊലപാതകരീതിയും യഥാർത്ഥ സംഭവത്തിൽനിന്ന് തികച്ചും വ്യത്യസ്തമാണെന്ന് സെൻസർ ബോർഡ് അഭിഭാഷക അറിയിച്ചു. സിനിമ ഏതെങ്കിലും വ്യക്തിയെയോ സംഭവത്തെയോ ആസ്പദമാക്കിയുള്ളതല്ലെന്ന് അണിയറപ്രവർത്തകരും സത്യവാങ്മൂലം നൽകി. സെൻസർ ബോർഡിന്റെ അന്തിമ റിപ്പോർട്ട് ഹാജരാക്കാൻ ജസ്റ്റിസ് ബെച്ചു കുര്യൻ തോമസ് നിർദേശിച്ചു. കേസ് അടുത്ത ആഴ്ച വീണ്ടും പരിഗണിക്കും.

സൈനിക സേവനത്തിനിടെ രോഗബാധിതനായി സ്വയം വിരമിച്ചാലും പെൻഷന് അർഹത

കൊച്ചി

സൈനിക സേവനത്തിനിടെ രോഗബാധിതനായി സ്വയം വിരമിച്ചാലും ഡിസെബിലിറ്റി പെൻഷന് അർഹതയുണ്ടെന്ന് ഹൈക്കോതി. ശാസ്ത്രകാശരത്തെ ബാധിക്കുന്ന ആസ്ത്മ പോലുള്ള വിട്ടുമാറാത്ത രോഗങ്ങൾ ബാധിച്ചവർക്ക് ഈ ആനുകൂല്യം നിഷേധിക്കാനാകില്ലെന്നും കോടതി വ്യക്തമാക്കി. ഹവിൽദാറായിരുന്ന ബി മണികണ്ടൻ, ആനുകൂല്യങ്ങൾ നിഷേധിച്ചതിനെതിരെ സമർപ്പിച്ച ഹർജിയിലാണ് ജസ്റ്റിസ് കെ നരാജാരി, ജസ്റ്റിസ് ജോൺസൺ ജോൺ എന്നിവരുൾപ്പെട്ട ഡിവിഷൻ ബെഞ്ചിന്റെ ഉത്തരവ്.

1986ൽ പൂർണ കായികക്ഷമതയോടെ സൈന്യത്തിൽ ചേർന്ന ഹർജിക്കാരന് 1994ൽ ജമ്മു കശ്മീരിലെ സേവനത്തിനിടെയാണ് ആസ്ത്മ പിടിപെടുന്നത്. ആരോഗ്യനില മോശമായതോടെ സ്വയം വിരമിക്കുകയായിരുന്നു. എന്നാൽ, സ്വയം വിരമിച്ചവർക്ക് ഡിസെബിലിറ്റി പെൻഷന് അർഹതയില്ലെന്ന് ചൂണ്ടിക്കാട്ടി ആംഡ് ഫോഴ്സ് ട്രിബ്യൂണൽ അപേക്ഷ തള്ളി.

സൈനിക സേവനത്തിനിടയാണ് ഹർജിക്കാരന് രോഗം ബാധിച്ചതെന്ന മെഡിക്കൽ ബോർഡിന്റെ കണ്ടെത്തൽ അവഗണിക്കാനാകില്ലെന്നും കോടതി നിരീക്ഷിച്ചു. മുന്നൂമാസത്തിനുള്ളിൽ കുടിശ്ശികയടക്കം ഹർജിക്കാരന് ഡിസെബിലിറ്റി പെൻഷൻ നൽകാൻ കോടതി ഉത്തരവിട്ടു. സ്വയം വിരമിച്ചവർക്കും ഡിസെബിലിറ്റി പെൻഷന് അർഹതയുണ്ടെന്ന പ്രതിരോധ മന്ത്രാലയത്തിന്റെ 2017ലെ ഉത്തരവും കോടതി കണക്കിലെടുത്തു.

കർണാടകത്തിലെ ബിഎസ്സി നഴ്സിങ്

കേരളത്തിൽ രജിസ്ട്രേഷൻ നിഷേധിക്കാനാകില്ല: ഹൈക്കോടതി

കൊച്ചി

കർണാടകത്തിലെ നഴ്സിങ് കോളേജുകളിൽനിന്ന് ബിഎസ്സി നഴ്സിങ് പൂർത്തിയാക്കിയ വിദ്യാർഥികൾക്ക് കേരളത്തിൽ രജിസ്ട്രേഷൻ നിഷേധിക്കാനാകില്ലെന്ന് ഹൈക്കോടതി. ഇന്ത്യൻ നഴ്സിങ് കൗൺസിലിന്റെ (ഐഎൻസി) അംഗീകാരം ഇല്ലെന്ന കാരണത്താൽ രജിസ്ട്രേഷൻ തടയുന്നത് നിയമവിരുദ്ധമാണെന്ന് ജസ്റ്റിസ് എൻ നാഗരേഷ് വ്യക്തമാക്കി.

കർണാടക സ്റ്റേറ്റ് നഴ്സിങ് കൗൺസിൽ അംഗീകരിച്ച സ്ഥാപനങ്ങളിൽനിന്നുള്ള ബിരുദങ്ങൾ സാധുവാണെന്നും കോടതി പറഞ്ഞു. ആ വിദ്യാർഥികളെ കേരള നഴ്സസ് ആൻഡ് മിഡ്വൈഫ് കൗൺസിലിൽ രജിസ്റ്റർ ചെയ്യണം. അവരെ ജോലി ചെയ്യാൻ അനുവദിക്കണമെന്നും നിർദേശിച്ചു.

കർണാടക സ്റ്റേറ്റ് അസോസിയേഷൻ ഓഫ് മാനേജ്മെന്റ് ഓഫ് നഴ്സിങ് ആൻഡ് അലൈഡ് ഹെൽത്ത് സയൻസ് ഇൻസ്റ്റിട്യൂഷൻസ് നൽകിയ ഹർജിയിലാണ് നടപടി.

എസ്ഐടി കോടതിയെ തെറ്റിദ്ധരിപ്പിക്കുന്നുവെന്ന് അജയ് തറയിൽ

കൊച്ചി

ശബരിമലയിലെ കൊടിമര സ്വർണക്കൊള്ളയിൽ പ്രത്യേക അന്വേഷകസംഘം (എസ്ഐടി) ഹൈക്കോടതിയെ തെറ്റിദ്ധരിപ്പിക്കുകയാണെന്ന് കോൺഗ്രസ് നേതാവും തിരുവിതാംകൂർ ദേവസ്വം ബോർഡ് മുൻ അംഗവുമായ അജയ് തറയിൽ. ത്വരിത പരിശോധനയ്ക്കുള്ള ഉത്തരവ് മാത്രമാണ് കോടതി പുറപ്പെടുവിച്ചത്. ലഭിച്ച സ്വർണം ഒത്തുകൂറിച്ച് കൃത്യമായ കണക്കുകളുണ്ട്. എല്ലാം മഹസ്സറിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ശബരിമലയിലെ കൊടിമരത്തിലെ സിമെന്റ് പൊടി കമ്പി പുറത്തുവന്നതിനാലാണ് മാറ്റേണ്ടിവന്നത്. പ്രതിപക്ഷനേതാവിന്റെ ജാഥ എറണാകുളത്തെത്തുമ്പോൾത്തന്നെ ചോദ്യംചെയ്യാനാണ് പദാധിയിട്ടിരിക്കുന്നതെന്നും അജയ് തറയിൽ ആരോപിച്ചു.

ഇന്ത്യൻ കത്തോലിക്ക മെത്രാൻസമിതി (സിബിസിഐ) ആരോഗ്യകാര്യ ഓഫീസിന്റെ ചെയർമാനായി തെരഞ്ഞെടുത്ത തിരുവനന്തപുരം ലത്തീൻ അതിരൂപത ആർച്ച് ബിഷപ് ഡോ. തോമസ് ജെ നെറ്റോ

ദീപക്കിന്റെ മരണം: ഹർജി മാറ്റി

കൊച്ചി

മുസ്ലിലീഗ് വനിതാ നേതാവ് ഷിംജിത വീഡിയോ പ്രചരിപ്പിച്ച തിനെത്തുടർന്ന് യുവാവ് ആത്മഹത്യ ചെയ്ത സംഭവത്തിൽ സ്വന്ത ന്യായീകരണം അന്വേഷണമാവശ്യപ്പെട്ട് ഓൾ കേരള മെൻസ് അസോസിയേഷൻ സമർപ്പിച്ച ഹർജി ഹൈക്കോടതി 24ന് പരിഗണിക്കാൻ മാറ്റി. ഹർജിക്കാരന്റെ അഭിഭാഷകൻ സമയം തേടിയതിനാലാണ് ജസ്റ്റിസ് കെ ബാബു ഹർജി മാറ്റിയത്. ബസിനുള്ളിൽവച്ച് ഗോവിന്ദപുരം സ്വദേശി ദീപക് അപമാനിച്ചെന്ന് ആരോപിച്ചാണ് ഷിംജിത വീഡിയോ പകർത്തി സമൂഹമാധ്യമത്തിലൂടെ പ്രചരിപ്പിച്ചത്. ഇതിനുപിന്നാലെയാണ് ദീപക് ആത്മഹത്യ ചെയ്തത്. ആത്മഹത്യാ പ്രേരണക്കുറ്റം ചുമത്തി ഷിംജിതയെ അറസ്റ്റ് ചെയ്തിരുന്നു. കേസ് സിബിഐയ്ക്കോ ക്രൈംബ്രാഞ്ചിനോ പ്രത്യേക അന്വേഷകസംഘത്തിനോ കൈമാറാണമെന്നാണ് ഹർജി ക്കാരുടെ ആവശ്യം.

ഉത്തരവാദിത്വ ടൂറിസം മേള ഇന്നുമുതൽ

തിരുവനന്തപുരം

കേരള കൈവരിച്ച മുന്നേറ്റങ്ങൾ പ്രദർശിപ്പിക്കുന്ന കേരള ഉത്തരവാദിത്വ ടൂറിസം മേള്ള്ള് ബുധനാഴ്ച തുടക്കം. അഞ്ചുദിവസത്തെ മേള വൈകിട്ട് 3.30 ന് ടൂറിസം മന്ത്രി പി എ മുഹമ്മദ് റിയാസ് ഉദ്ഘാടനം ചെയ്യും. വി കെ പ്രശാന്ത് എംഎൽഎ അധ്യക്ഷനാകും. ഉദ്ഘാടന ചടങ്ങിനുശേഷം തിരുവനതിരകളി, ബാംബൂ ബാന്റ് അവതരണം എന്നിവയുണ്ടാകും. സംസ്ഥാന ടൂറിസം വകുപ്പിന്റെ സഹകരണത്തോടെ കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റിയാണ് പരിപാടി സംഘടിപ്പിക്കുന്നത്.

വ്യാപാരികളെ ചേർത്തുപിടിച്ച സർക്കാർ: വ്യാപാരി വ്യവസായി ഏകോപന സമിതി

സ്വന്തം ലേഖകൻ

കോഴിക്കോട്

വ്യാപാരികളെയും ചെറുകിട കച്ചവടക്കാരെയും ചേർത്തുനിർത്തി, ആത്മഹത്യയിൽനിന്ന് രക്ഷിച്ച സർക്കാരാണ് കേരളം ഭരിക്കുന്നതെന്ന് വ്യാപാരി വ്യവസായി ഏകോപന സമിതി സംസ്ഥാന പ്രസിഡന്റ് രാജു അപ്പം. നിയമസഭാ തെരഞ്ഞെടുപ്പിൽ ഇക്കാര്യങ്ങളെല്ലാം പരിഗണനിച്ചും പ്രകടനപത്രിക വിലയിരുത്തിയും പിന്തുണ പ്രഖ്യാപിക്കുമെന്നും അദ്ദേഹം വാർത്താസമ്മേളനത്തിൽ പറഞ്ഞു.

വ്യാപാരി സൗഹൃദ നിലപാട് സ്വീകരിക്കുന്ന മികച്ച ഭരണാധികാരിയാണ് പിണറായി വിജയൻ. തങ്ങളെ സംരക്ഷിക്കാൻ പല കർമപദ്ധതികളും കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ എൽഡിഎഫ് സർക്കാർ ആവിഷ്കരിച്ചു. യുഡിഎഫ് കാലത്ത് ചെറുകിട കച്ചവടക്കാർ ആത്മഹത്യ ചെയ്യുണ്ട സാഹചര്യമുണ്ടായി. ആത്മഹത്യയുടെ പടിവാതിൽക്കൽ നിന്നിരുന്ന ആയിരക്കണക്കിന് വ്യാപാരികളെ രക്ഷിക്കാൻ എൽഡിഎഫ് സർക്കാർ ഫലപ്രദമായി ഇടപെട്ടു. യുഡിഎഫ് ആയിരുന്നു അധികാരത്തിലെങ്കിൽ ഒറ്റ ബെമിരി വ്യാപാരികൾ വീണുപോകുമായിരുന്നു.

കോവിഡിൽ പ്രതിസന്ധിയിലായ ചെറുകിട വ്യാപാരി വ്യവസായികളെ സഹായിക്കാൻ നിരവധി പദ്ധതികൾ സർക്കാർ ആവിഷ്കരിച്ചു. ബജറ്റിലും വ്യാപാരികളുടെ ആവശ്യങ്ങൾക്ക് മികച്ച പരിഗണനയുണ്ടായി. ജിഎസ്ടി സമ്പ്രദായത്തിലും വ്യാപാരികൾക്ക് സഹായകമാകുന്ന രീതിയിലാണ് ഇടപെടലെന്നും നേതാക്കൾ വാർത്താസമ്മേളനത്തിൽ പറഞ്ഞു.

ജനറൽ സെക്രട്ടറി ദേവസ്യ മേച്ചേരി, വർക്കിങ് പ്രസിഡന്റ് പി കുഞ്ഞാവു ഹാജി, ട്രഷറർ എസ് ദേവരാജൻ, സീനിയർ വൈസ് പ്രസിഡന്റ് കെ വി അബ്ദുൾ ഹമീദ്, വൈസ് പ്രസിഡന്റ് എം കെ തോമസ് കുട്ടി എന്നിവരും വാർത്താസമ്മേളനത്തിൽ പങ്കെടുത്തു.

2025ലെ കേരള വനം (ഭേദഗതി) നിയമം നിലവിൽവന്നു

ചന്ദനം കൃഷിചെയ്യാം; മുറിച്ച് വിൽക്കാം

സ്വന്തം ലേഖകൻ

തിരുവനന്തപുരം

സ്വകാര്യ ഭൂമിയിലെ ചന്ദനമരം മുറിച്ച് വനം വകുപ്പ് മുവേന വിൽപ്പന അനുവദിക്കുന്ന വ്യവസ്ഥയുൾപ്പെടെയുള്ള 2025ലെ കേരള വന (ഭേദഗതി) നിയമം നിലവിൽ വന്നു. കോടതിയിൽ എത്തുന്ന വന കുറ്റകൃത്യങ്ങൾ കോടതിയുടെ അനുവാദത്തോടെ രാജിയാക്കാനും നിയമത്തിൽ വ്യവസ്ഥയുണ്ട്. കഴിഞ്ഞ നിയമസഭാ സമ്മേളനം പാസാക്കിയ ബില്ലിൽ കഴിഞ്ഞദിവസം മാണ് ഗവർണർ ഒപ്പുവച്ചത്.

നടപ്പാക്കാനാവാശ്യമായ ചട്ടം ഉടൻ പുറപ്പെടുവിക്കുമെന്ന് മന്ത്രി എ കെ ശശീന്ദ്രൻ പറഞ്ഞു. ചന്ദനം കൃഷിയിലൂടെ കർഷകർക്ക് സാമ്പത്തിക നേട്ടം ഉണ്ടാക്കാൻ അവസരം ലഭിക്കുമെന്ന് മന്ത്രി പറഞ്ഞു. ചന്ദന മരങ്ങൾ വച്ച് പിടിപ്പിക്കാൻ പ്രോത്സാഹനം നൽകുന്ന വി ബാങ്കിൽ പദ്ധതി ഇതിനകം ആരംഭിച്ചിട്ടുണ്ട്. സ്വകാര്യഭൂമിയിലുള്ള ചന്ദനമരം മുറിച്ച് വിൽപ്പന നടത്താൻ ഇതുവരെ അധികാരമില്ലായിരുന്നു. സ്വന്തം ഭൂമിയിൽനിന്ന് ചന്ദനമരം മോഷണം പോയാലും സ്വലഭ ഉടമയ്ക്കെതിരെ കേസ് എടുക്കുന്നതായിരുന്നു നിയമം. കോടതിയിലുള്ള ഇത്തരം ചെറിയ കേസുകൾ ഫൈൻ അടച്ച് അവസാനിപ്പിക്കാൻ പുതിയ നിയമത്തിൽ വ്യവസ്ഥയുണ്ട്. ഇങ്ങനെ കുറ്റം രാജിയാക്കുമ്പോൾ ജയിൽ ശിക്ഷ ഒഴിവായിക്കിട്ടും. ഇങ്ങനെ വനനിയമത്തിലെ വനം വകുപ്പ് ഉദ്യോഗസ്ഥ തലത്തിലുള്ള നിരവധി തസ്കികകളുടെ പദവിയിലും നിർവചനത്തിലും മാറ്റംവരുത്തി. വനം വാച്ചർമാർക്ക് തെറ്റിദ്ധരിപ്പിക്കാൻ 13ഓളം ഡാർക്ക് പാറ്റേണുകൾ കമ്പനികൾ ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേന്ദ്ര ഉപഭോക്തൃ സംരക്ഷണ അതോറിറ്റി (സിസിപിഎ) 42 പ്ലാറ്റ്ഫോമുകൾക്ക് ഇത് സംബന്ധിച്ച നോട്ടീസുകൾ നൽകി. ഏതൊക്കെയാണ് പ്ലാറ്റ്ഫോമുകൾ എന്നോ അവർക്കെതിരെ എടുത്ത നടപടികൾ എന്താണെന്നോ മന്ത്രി വ്യക്തമാക്കിയിട്ടില്ല. കോർപ്പറേറ്റുകളെ പ്രീണിപ്പിക്കുന്ന സമീപനം അവസാനിപ്പിച്ച് ഉപഭോക്താക്കളെ സംരക്ഷിക്കാനുള്ള നടപടി സർക്കാർ സ്വീകരിക്കണമെന്നും ഹഹിം ആവശ്യപ്പെട്ടു.

ഉപഭോക്താക്കളെ കബളിപ്പിക്കുന്ന ഓൺലൈൻ കമ്പനികൾക്കെതിരെ നടപടി വേണം

സ്വന്തം ലേഖകൻ

നദ്വയിൽ

ഓൺലൈൻ പ്ലാറ്റ്ഫോമുകളിൽനിന്ന് ഉൽപ്പന്നങ്ങൾ വാങ്ങുമ്പോൾ ഉപഭോക്താക്കളെ തെറ്റിദ്ധരിപ്പിക്കാനായി, സ്റ്റോക്ക് തീരാൻ പോകുന്നു, ഓഫർ ഉടൻ തീരുന്നു, വമ്പിച്ച വിലക്കുറവ് തുടങ്ങിയ സന്ദേശങ്ങൾ 'ഡാർക്ക് പാറ്റേണുകൾ' ഉപയോഗിക്കുന്ന കമ്പനികളുടെ പേര് പരസ്യമാക്കണമെന്ന് രാജ്യസഭാംഗം എം എ റഹിം ആവശ്യപ്പെട്ടു. രാജ്യസഭയിൽ ഇതുസംബന്ധിച്ച ചോദ്യത്തിന് കേന്ദ്രം നൽകിയ മറുപടിയോട് പ്രതികരിക്കുകയായിരുന്നു അദ്ദേഹം. ഉപഭോക്താക്കളെ സംരക്ഷിക്കുന്നതിനായി ഡിജിറ്റൽ ഇക്കണോമി ദൗത്യം (ഡിഇഎം) ഇതുവരെ 10 ലക്ഷം ഉപഭോക്താക്കൾ ഉൾപ്പെടുന്ന 42 ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ ഏറ്റെടുത്തതായി കേന്ദ്ര ഉപഭോക്തൃകാര്യ, ഭക്ഷ്യ, പൊതുവിതരണ മന്ത്രാലയം അറിയിച്ചു. ഇവയിൽ 'ഡാർക്ക് പാറ്റേണുകൾ' ഉപയോഗിക്കുന്ന കമ്പനികളുടെ പട്ടിക ഉടൻ പുറത്തുവിടുമെന്ന് ഉപഭോക്തൃകാര്യ സെക്രട്ടറി നിധി ഖരേ പറഞ്ഞു. ഇ-കോമേഴ്സ് ഉൾപ്പെടെ ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ ഉപഭോക്താക്കൾക്ക് ഉണ്ടാക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ഡിഇഎം ഒരു ഏകീകൃത പരാതി പരിഹാര സംവിധാനം ആരംഭിച്ചതായി അവർ അറിയിച്ച